പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2079

17.06.2014- ൽ മറുപടിക്ക്

## സഹകരണ മേഖലയിലെ കാർഷിക വായ്പ

**ചോദ്യം**

**ശ്രീ.ജി. സുധാകരൻ :**

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

എ) സഹകരണ സംഘങ്ങൾ 2010-11, 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ആകെ വിതരണം ചെയ്ത കാർഷിക വായ്പ എത്ര ;

(എ) സഹകരണ സംഘങ്ങൾ വിതരണം ചെയ്ത കാർഷിക വായ്പയുടെ കണക്കുകൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു

| | |
|---|---|
| 2010-2011 | 2906.69 കോടി |
| 2011-2012 | 2665.47 കോടി |
| 2012-2013 | 2841.38 കോടി |
| 2013-2014 | 3011.55 കോടി |

ബി) 31.03.2014-ന് കേരളത്തിൽ എത്ര പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത് ; ജില്ല തിരിച്ച് പട്ടിക വ്യക്തമാക്കാമോ ;

(ബി) 2013-2014 വർഷത്തെ ആഡിറ്റ് ഇതിനകം ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. ആയത് പൂർത്തീകരിച്ചാൽ മാത്രമേ 31.03.2014 ൽനഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ വിവരം ലഭ്യമാവുകയുള്ളൂ.

സി) ബാങ്കിംഗ് നിയന്ത്രണ നിയമ ഭേദഗതിയിലെ സഹകരണ കാർഷിക വായ്പാ സംഘങ്ങളെ ബാധിക്കുന്ന പ്രധാന വ്യവസ്ഥകൾ എന്തൊക്കെ; വിശദമാക്കാമോ?

(സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരുന്നില്ല. എന്നാൽ ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരാത്ത സഹകരണ സംഘങ്ങൾ 'ബാങ്ക്' എന്ന പദം ഉപയോഗിക്കുവാൻ പാടില്ല എന്ന വ്യവസ്ഥ വളരെ വർഷങ്ങളായി സർവ്വീസ് സഹകരണ ബാങ്കുകൾ എന്നറിയപ്പെടുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ